**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4285** **06-03-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യതൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളിലെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യതൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളിൽ സേവന വേതന വ്യവസ്ഥകൾ എന്നാണ് നിലവിൽ വന്നതെന്നും പ്രസ്തുത സംഘങ്ങളിൽ ശമ്പള പരിഷ്കരണം എന്നാണ് അവസാനം നടപ്പിലാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | 29/06/2006-ലെ സ.ഉ.(അച്ചടി) നം.124/2006/സഹ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പ്രകാരമാണ് 2006-ൽ സംസ്ഥാനത്തെ മത്സ്യതൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളിൽ സേവന വേതന വ്യവസ്ഥകൾ നിലവിൽ വന്നത്. പ്രസ്തുത വർഷം മുതൽക്കു തന്നെ ടി ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2006-ന് ശേഷം ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല |
| (ബി) | പ്രസ്തുത സംഘങ്ങളിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. 10.02.2016-ലെ സ.ഉ.(സാധാ)നം.102/16/മഉവ, 10.02.2017-ലെ സ.ഉ.(സാധാ)നം.96/17/മഉവ എന്നീ ഉത്തരവുകൾ പ്രകാരം ഫിഷറീസ് ഡയറക്ടർ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച ശമ്പളം കൊടുക്കാൻ ശേഷിയുള്ള സൊസൈറ്റികളിൽ മാത്രം ശമ്പള പരിഷ്കരണം നടപ്പിലാക്കിയാൽ മതിയെന്ന വ്യവസ്ഥയോടെ, പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളിലെ അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനായി ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.<br><br>ഫിഷറീസ് ഡയറക്ടർ ചെയർമാനായ പ്രസ്തുതകമ്മിറ്റിയിൽ ധനകാര്യ വകുപ്പിന്റെ പ്രതിനിധികൾ ഇല്ലാത്തതിനാലും, ഭരണ വകുപ്പിന് ശമ്പള പരിഷ്കരണം സംബന്ധിച്ച വിഷയം പരിശോധിക്കാൻ തക്ക ഗ്രാഹ്യമില്ലാത്തതിനാലും, ടി പ്രൊപ്പോസൽ ഭരണ വകുപ്പ് വിശദമായി പരിശോധിച്ചിട്ടില്ലാത്തതിനാലും പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുന്നതിനായി ധനവകുപ്പിലേയ്ക്ക് വീണ്ടും ഫയൽ ലഭ്യമാക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | അപ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസലിൽ പറഞ്ഞിരിക്കുന്ന ശമ്പള സ്കെയിലുകൾ പൊതു ശമ്പള സ്കെയിലുകളിൽ നിന്നും വ്യത്യസ്തമായതിനാലും, സർക്കാർ ജീവനക്കാരിൽ നിന്നും വ്യത്യസ്തമായി ക്ഷാമ ബത്ത കണക്കുകൂട്ടിയതിനാലും അധിക രേഖകൾ ഉൾപ്പെടുത്തിയും ശിപാർശ കൂടുതൽ വ്യക്തത വരുത്തിയും ഫയൽ ലഭ്യമാക്കുവാൻ 07/02/2023 തീയതിയിൽ ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് വിഷയം പരിശോധിച്ച് ഭരണ വകുപ്പിന് മറുപടി നൽകുന്നതാണ്. |
| (സി) | ഇതു സംബന്ധിച്ച് ധനകാര്യ വകുപ്പിലെ dev.4/105/2018 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. 10.02.2016-ലെ സ.ഉ.(സാധാ)നം.102/16/മഭവ, 10.02.2017-ലെ സ.ഉ.(സാധാ)നം.96/17/മഭവ എന്നീ ഉത്തരവുകൾ പ്രകാരം ഫിഷറീസ് ഡയറക്ടർ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച ശമ്പളം കൊടുക്കാൻ ശേഷിയുള്ള സൊസൈറ്റികളിൽ മാത്രം ശമ്പള പരിഷ്കരണം നടപ്പിലാക്കിയാൽ മതിയെന്ന വ്യവസ്ഥയോടെ, പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളിലെ അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനായി ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.<br><br>ഫിഷറീസ് ഡയറക്ടർ ചെയർമാനായ പ്രസ്തുതകമ്മിറ്റിയിൽ ധനകാര്യ വകുപ്പിന്റെ പ്രതിനിധികൾ ഇല്ലാത്തതിനാലും, ഭരണ വകുപ്പിന് ശമ്പള പരിഷ്കരണം സംബന്ധിച്ച വിഷയം പരിശോധിക്കാൻ തക്ക ഗ്രാഹ്യമില്ലാത്തതിനാലും, ടി പ്രൊപ്പോസൽ ഭരണ വകുപ്പ് വിശദമായി പരിശോധിച്ചിട്ടില്ലാത്തതിനാലും പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുന്നതിനായി ധനവകുപ്പിലേയ്ക്ക് വീണ്ടും ഫയൽ ലഭ്യമാക്കുകയുണ്ടായി.<br><br>അപ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസലിൽ പറഞ്ഞിരിക്കുന്ന ശമ്പള സ്കെയിലുകൾ പൊതു ശമ്പള സ്കെയിലുകളിൽ നിന്നും വ്യത്യസ്തമായതിനാലും, സർക്കാർ ജീവനക്കാരിൽ നിന്നും വ്യത്യസ്തമായി ക്ഷാമ ബത്ത കണക്കുകൂട്ടിയതിനാലും അധിക രേഖകൾ ഉൾപ്പെടുത്തിയും ശിപാർശ കൂടുതൽ വ്യക്തത വരുത്തിയും ഫയൽ ലഭ്യമാക്കുവാൻ 07/02/2023 തീയതിയിൽ ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് വിഷയം |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് ഭരണ വകുപ്പിന് മറുപടി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ